പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 4874 21/10/2011 ൽ മറുപടിയ്ക്ക്

## ഇന്ദിരാഗാന്ധി നാഷണൽ ഓൾഡേജ് പെൻഷൻ പദ്ധതി

ചോദ്യം ഉത്തരം

ശ്രീ. പി. തിലോത്തമൻ : ഡോ. എം.കെ. മുനീർ :

(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ നടപ്പിലാക്കാനുദ്ദേശിച്ചിരുന്നതും കഴിഞ്ഞ നാലു വർഷങ്ങൾക്കുമുമ്പ് അപേക്ഷകൾ സ്വീകരിച്ചതുമായ ഇന്ദിരാഗാന്ധി നാഷണൽ ഓൾഡേജ് പെൻഷൻ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | (എ) കേന്ദ്ര സർക്കാരിന്റെ ദേശീയ സാമൂഹ്യ സഹായ പദ്ധതിയിൽ ഉൾപ്പെട്ട ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിയെ 19/11/2007 നു പുനർനാമകരണം ചെയ്ത് ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി എന്ന് മാററിയിട്ടുള്ളതാണ്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡമനുസരിച്ച് 65 വയസ്സ് കഴിഞ്ഞവരും ബി.പി.എൽ ലിസ്റ്റിൽ ഉള്ളവരും ഈ പെൻഷന് അർഹരാണ്. |
| (ബി) ഈ പദ്ധതി കേരളത്തിൽ ഏതെല്ലാം പഞ്ചായത്തുകളിൽ നടപ്പിലാക്കിയെന്ന് പറയാമോ; | (ബി) കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് |
| (സി) ഇതിന് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി എത്രയാണെന്നും സാമ്പത്തിക സ്ഥിതി എന്തായിരി ക്കണ മെന്നുമാണ് നിർദ്ദേശിച്ചിരുന്നത് എന്ന് വിശദമാക്കാമോ; | (സി) 65 വയസ്സിനുമുകളിൽ പ്രായമുള്ള ബി.പി.എൽ കുടുംബത്തിലുള്ള എല്ലാ വർക്കും ഈ പെൻഷന് അർഹതയുണ്ട് |
| (ഡി) ഈ പദ്ധതിയിലൂടെ പെൻഷൻ ലഭിച്ച എത്രപേർ കേരളത്തിലുണ്ടെന്ന് അറിയിക്കാമോ; | (ഡി) നിലവിൽ 235379 ഗുണഭോക്താക്കളുണ്ട് |
| (ഇ) നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ വിതരണം ചെയ്യുവരുന്ന വാർദ്ധക്യകാല പെൻഷനിൽ നിന്നും ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് | (ഇ) വാർദ്ധക്യകാല പെൻഷൻ പദ്ധതിപ്രകാരം 11000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള 65 വയസ്സിനുമുകളിൽ പ്രായമുള്ള, 20 വയസ്സിനു മുകളിൽ പ്രായമുള്ള ആൺമക്കൾ ഇല്ലാത്ത |

| | |
|---|---|
| ഏജ് പെൻഷനുള്ള വ്യത്യാസം എന്താണെന്ന് പറയാമോ; | അഗതിയായ ഭാര്യയ്ക്കും ഭർത്താവിനുമാണ് ഈ പെൻഷന് അർഹതയുണ്ടായിരുന്നത്. എന്നാൽ ടി പദ്ധതിയെ 19/11/2007 ൽ പുനർ നാമകരണം ചെയ്ത് ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി എന്ന് മാറ്റിയിട്ടുള്ളതും കേന്ദ്രസർക്കാരിന്റെ പുതുക്കിയ മാനദണ്ഡമനുസരിച്ച് ബി.പി.എൽ കുടുംബത്തിലെ 65 വയസ്സു പൂർത്തിയായ എല്ലാവർക്കും ഈ പെൻഷന് അർഹതയുണ്ട്. |
| (എഫ്) എത്ര രൂപയുടെ പെൻഷനാണ് ഇതിലൂടെ പ്രതിമാസം ലഭിക്കുക എന്നും രണ്ടു പെൻഷനുകളും ഒരേ സമയം ലഭിക്കുമോ എന്നും അറിയിക്കുമോ? | (എഫ്) പ്രതിമാസം 300 രൂപയാണ് ഇപ്പോൾ പെൻഷൻ തുക.രണ്ട് പെൻഷനുകൾ ഒരേ സമയം ലഭിക്കില്ല |

R. Vijayesh

സെക്ഷൻ ഓഫീസർ